**ഗതാഗത മേഖലയിൽ സ്വകാര്യ നിക്ഷേപം ആകർഷിക്കുന്നതിന് നടപടി**

6 (* 713) ശ്രീ. ടി. കെ. ദേവകുമാർ :
ശ്രീ. എം. വി. ഗോവിന്ദൻ മാസ്റ്റർ :
ശ്രീ. മഞ്ഞളാംകുഴി അലി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് ഗതാഗത മേഖലയിൽ സ്വകാര്യ നിക്ഷേപം ആകർഷിക്കുന്നതിനായി എന്തെല്ലാം നടപടികൾ സ്വീകരിക്കുവാൻ ഉദ്ദേശിക്കുന്നുണ്ടെന്ന് പറയാമോ ;

(ബി) ഇതിനകം എന്തെല്ലാം നടപടികൾ ഇതിനായി സ്വീകരിക്കുകയുണ്ടായി ;

(സി) ഡ്രൈവിംഗ് ഇൻസ്റ്റിറ്റ്യൂട്ട് സ്ഥാപിക്കുവാനും റോഡ് അടയാളങ്ങൾ സ്ഥാപിക്കാനും ഡ്രൈവിംഗ് ടെസ്റ്റ് യാർഡുകളുടെ നിർമ്മാണത്തിനും സ്വകാര്യ പങ്കാളിത്തത്തിന് ഉദ്ദേശിക്കുന്നുണ്ടോ ;

(ഡി) സ്വകാര്യ പങ്കാളിത്തത്തിൽ മറ്റെന്തെല്ലാം പദ്ധതികൾക്കാണ് സർക്കാർ രൂപം നൽകിയിട്ടുള്ളതെന്ന് വെളിപ്പെടുത്തുമോ ;

(ഇ) മോട്ടോർ വാഹന വകുപ്പിൽ നിന്നുള്ള വരുമാനം ഇത്തരം ആവശ്യങ്ങൾക്ക് ഉപയോഗിക്കാതെ സ്വകാര്യ പങ്കാളിത്തത്തെ ആശ്രയിക്കുന്നത് എന്തുകൊണ്ടാണെന്ന് വെളിപ്പെടുത്തുമോ ?

ഗതാഗത വകുപ്പുമന്ത്രി (ശ്രീ. ആർ. ബാലകൃഷ്ണപിള്ള) :

(എ & ബി) 1-1-2004-ൽ നിലവിൽ വരേണ്ട 'ഹൈസെക്യൂരിറ്റി രജിസ്ട്രേഷൻ പ്ലേറ്റുകൾ' നിർമ്മിച്ചു വാഹനങ്ങളിൽ ഘടിപ്പിക്കുന്നതിന് അനുയോജ്യരായ നിർമ്മാതാക്കളെ തിരഞ്ഞെടുക്കുന്നതിനുള്ള ടെൻഡർ ക്ഷണിക്കുകയുണ്ടായി. ലഭിച്ച ടെൻഡറുകൾ പരിശോധിച്ചു വരികയാണ്. 'ബിൽഡ്, ഓൺ ആന്റ് ഓപ്പറേറ്റ്' എന്ന വ്യവസ്ഥയിൽ തെരഞ്ഞെടുക്കപ്പെടുന്ന വ്യക്തി, മുതൽ മുടക്കുക എന്നതാണ് ഉദ്ദേശിക്കുന്നത്. കൂടാതെ മോട്ടോർ വാഗന വകുപ്പിന്റെ എല്ലാ ഓഫീസുകളും കമ്പ്യൂട്ടർവൽക്കരിക്കുന്നതിന് ആവശ്യമായ ഉപകരണങ്ങൾ നൽകി സ്ഥാപിച്ച്, പരിപാലനം ചെയ്യുന്നതിനും ആവശ്യമായ മറ്റു സൗകര്യങ്ങൾ ഒരുക്കുന്നതിനും ആന്ധ്രാപ്രദേശിൽ നടപ്പിലാക്കിയിട്ടുള്ള 'ഫാസ്റ്റ്' മാതൃകയിൽ സ്വകാര്യ നിക്ഷേപകരെ കണ്ടെത്തുന്നതിനുള്ള നടപടിക്രമങ്ങൾ ആരംഭിച്ചു കഴിഞ്ഞു. കോഴിക്കോട്, എറണാകുളം, കോട്ടയം, മൂന്നാർ, തമ്പാനൂർ എന്നിവിടങ്ങളിലെ കെ.എസ്.ആർ.ടി.സി. ബസ്സ്റ്റേഷനുകൾ ബി.ഒ.ടി. അടിസ്ഥാനത്തിൽ നവീകരിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

(സി) ഇല്ല.

(ഡി) ഡ്രൈവിംഗ് ലൈസൻസുകൾ സ്മാർട്ട് കാർഡ് രൂപത്തിലും, രജിസ്ട്രേഷൻ സർട്ടിഫിക്കറ്റുകൾ സ്മാർട്ട് ഓപ്റ്റിക്കൽ കാർഡുരൂപത്തിലും നൽകുന്നതിന് സ്വകാര്യനിക്ഷേപം ലഭ്യമാക്കുന്നതിന്റെ നിർദ്ദേശം പരിഗണിച്ചുവരുന്നു.

LIBRARY ARCHIVES Kerala Legislative Assembly

(ഇ) സെക്യൂരിറ്റി നമ്പർ പ്ലേറ്റുകൾ നിർമ്മിക്കുന്നതിനുള്ള സാങ്കേതിക പരിജ്ഞാനം സർക്കാരിനില്ലായെന്നതുകൊണ്ട് സാങ്കേതിക പരിജ്ഞാനമുള്ള സ്വകാര്യമേഖലയെ ആശ്രയിക്കേണ്ടിവരുന്നു. കൂടാതെ ഇവ നടപ്പിലാക്കുന്നതിന് ഗണ്യമായ മുതൽ മുടക്ക് ആവശ്യമാണ്. സർക്കാരിന്റെ ഭാഗത്തു നിന്നും മുതൽ മുടക്കാതെ സ്വകാര്യ മേഖല വഴിയുള്ള നിക്ഷേപം ഉപയോഗിച്ച് പദ്ധതികൾ കാര്യക്ഷമമായി നടപ്പിലാക്കുവാനാണ് ഉദ്ദേശിക്കുന്നത്.

**സ്വകാര്യ മേഖലയിൽ ഇൻഡസ്ട്രിയൽ എസ്റ്റേറ്റുകൾ**

7 (* 714) ശ്രീ. രാജു എബ്രഹാം :
ശ്രീ. കെ. രാധാകൃഷ്ണൻ :
ശ്രീ. സാജുപോൾ :
ശ്രീ. ടി. പി. രാമകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സ്വകാര്യമേഖലയിൽ ഇൻഡസ്ട്രിയൽ എസ്റ്റേറ്റുകൾ തുടങ്ങുവാൻ സഹായിക്കുന്ന ഒരു പുതിയ പദ്ധതിക്ക് രൂപം നല്കുമെന്ന് സർക്കാർ പ്രഖ്യാപിച്ചിട്ടുണ്ടോ ;

(ബി) പ്രഖ്യാപനത്തെ തുടർന്ന് സ്വീകരിച്ച നടപടികൾ വെളിപ്പെടുത്താമോ ;

(സി) പ്രസ്തുത സഹായ പദ്ധതി എന്താണെന്ന് വിശദമാക്കാമോ ;

(ഡി) സ്വകാര്യ ഇൻഡസ്ട്രിയൽ എസ്റ്റേറ്റുകൾക്കായി സർക്കാരിൽ നിക്ഷിപ്തമായ ഏതെല്ലാം സ്ഥലങ്ങളാണ് കണ്ടെത്തിയിട്ടുള്ളതെന്ന് വെളിപ്പെടുത്തുമോ ;

(ഇ) ഇത്തരത്തിലുള്ള എത്ര ഇൻഡസ്ട്രിയൽ എസ്റ്റേറ്റുകൾ ഇതിനകം സ്ഥാപിക്കുകയുണ്ടായി. അവിടങ്ങളിൽ മൊത്തം എത്ര വ്യവസായ യൂണിറ്റുകൾ നിലവിൽ വന്നിട്ടുണ്ട് ;

(എഫ്) കിൻഫ്രയുടേതുൾപ്പെടെ സർക്കാർ നിയന്ത്രണത്തിലുള്ള വ്യവസായ എസ്റ്റേറ്റുകളിലെ സൗകര്യങ്ങൾ പൂർണ്ണമായും പ്രയോജനപ്പെടുത്തി കഴിഞ്ഞിട്ടുണ്ടോ ?

വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി (ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടി) :

(എ) ഉണ്ട്.

(ബി) സ്വകാര്യമേഖലയിൽ ആരംഭിക്കുന്ന വ്യവസായ എസ്റ്റേറ്റുകളെ വ്യവസായ മേഖലയായി പ്രഖ്യാപിക്കുന്നതിനുള്ള നടപടികൾ എടുത്തിട്ടുണ്ട്. ഏകജാലക സംവിധാന നിയമപ്രകാരം വ്യവസായ മേഖലയായി പ്രഖ്യാപിക്കുന്ന എസ്റ്റേറ്റുകളിൽ വരുന്ന വ്യവസായങ്ങൾക്ക് ലൈസൻസ് ക്ലിയറൻസ് ലഭിക്കുന്നതിന് മുൻഗണന ലഭിക്കും. പത്താം പദ്ധതിയിൽ എസ്റ്റേറ്റുകൾ സ്ഥാപിക്കുന്ന സ്വകാര്യ സംരംഭകർക്ക് ധനസഹായം നല്കുന്നതിനുള്ള പദ്ധതി തയ്യാറായി വരുന്നുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly